**കേരള സർക്കാർ**

നം.ബി1/85/2020/എസ്.പി.ഡി

സ്റ്റോർസ് പർച്ചേസ് (ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി:06/7/2021

**സർക്കുലർ**

വിഷയം:- ഉപയോഗശൂന്യമായ സാധന സാമഗ്രികൾ നിർമ്മാർജ്ജനം ചെയ്യുന്നത് - സംബ.

സൂചന:- സ.ഉ.(അ) നം.152/2020/ധന തീയതി 05-11-2020

സർക്കാർ ആഫീസുകൾ / സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ഉപയോഗശൂന്യമായ സാധന സാമഗ്രികൾ ഓൺലൈൻ മുഖേന ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗശൂന്യമായി തീരുന്ന സാധന സാമഗ്രികൾ വിൽക്കുന്നതിനുള്ള സാമ്പത്തിക അധികാരങ്ങളും, നടപടി ക്രമങ്ങളും സംബന്ധിച്ച് നിലവിൽ ധനകാര്യ വകുപ്പ്, ഇലക്ട്രോണിക്സ് & ഐ.റ്റി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകൾ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയിൽ കെട്ടിക്കിടക്കുന്ന പാഴ് വസ്തുക്കൾ മൂന്ന് മാസത്തിനകം നീക്കം ചെയ്യുന്നതിനായി അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1)** സംസ്ഥാനത്തെ വിവിധ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ഉപയോഗശൂന്യമായ സാധന സാമഗ്രികൾ, **07/08/2017** ലെ **G.O(P) No.102/2017/FIN** ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വില്പന നടത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പ്/സ്ഥാപന/ഓഫീസ് മേലധികാരികൾ കൈകൊള്ളേണ്ടതാണ്.

**2)** ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്ത് വിൽപ്പന നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

**3)** ഇ വേസ്റ്റും മറ്റ് അജൈവ മാലിന്യങ്ങളും **9/10/2019** ലെ **G.O.(Rt) No.2300/2019/LSGD** ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി **Clean Kerala Ltd.** മുഖേന നീക്കം ചെയ്യാവുന്നതാണ്. ഉപയോഗ ശൂന്യമായ ഇലക്ട്രോണിക്/**IT**

ഉപകരണങ്ങൾ കണ്ടം ചെയ്യുന്നത് **28/10/2018** ലെ **G.O(Ms) No.27/2018/ITD** ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

**4) 15000/-** വരെ എസ്റ്റിമേറ്റ് തുക കണക്കാക്കുന്ന ഉപയോഗ ശൂന്യമായ വസ്തുക്കൾ നേരിട്ടും, **15000/-** മുതൽ **1** ലക്ഷം വരെ എസ്റ്റിമേറ്റ് തുകയുള്ളവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചും, **1** ലക്ഷം മുതൽ **5** ലക്ഷം വരെ എസ്റ്റിമേറ്റ് തുകയുള്ളവയ്ക്ക് ടെൻഡർ മുഖേനയും, വില്പന നടത്തേണ്ടതാണ്. അഞ്ച് ലക്ഷത്തിന് മുകളിൽ എസ്റ്റിമേറ്റ് തുക കണക്കാക്കുന്ന പാഴ് വസ്തുക്കൾ **www.etenders.kerala.gov.in** മുഖേന ഇ ടെൻഡർ ചെയ്ത് വില്പന നടത്തേണ്ടതാണ്.

**5) M/s MSTC Limited** ന്റെ സേവന കാലാവധി, ധനകാര്യവകുപ്പ് പുതുക്കി ഉത്തരവാകുന്ന മുറയ്ക്ക്, സർക്കാർ ആഫീസുകൾ / സ്ഥാപനങ്ങൾ തുടങ്ങിയവയിലെ **Confiscated/ seized vehicles/ scraps** എന്നിവ **e-Auction** വഴി **M/s MSTC Limited** മുഖേനയോ, **Clean Kerala Ltd** മുഖേനയോ പുറന്തള്ളാവുന്നതുമാണ്.

**അഡീഷണൽ ചീഫ് സെക്രട്ടറി**
**രാജേഷ് കുമാർ സിംഗ്**

എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും
സെക്രട്ടേറിയറ്റിലെ ധനം, നിയമം ഉൾപ്പടെ എല്ലാ വകുപ്പുകൾക്കും.
അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.